## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (സാന്നിദ്ധ്യം – ജാഫർ മലിക് ഐഎഎസ്)

തിരുവനന്തപുരം

ഉത്തരവ് നമ്പർ ഇ9/1020/18 (2) തീയതി 4/6/2019

വിഷയം :- സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- 01/1/2013 മുതൽ 31/12/2015 വരെ സാമൂഹ്യനീതി വകുപ്പിൽ ഉണ്ടായിട്ടുള്ള സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവുകളുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരുടെ അന്തിമ സീനിയോറിട്ടി – ജീവനക്കാരിയെ ഉൾപ്പെടുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. സാമൂഹ്യനീതി ഡയറക്ടറുടെ 07/9/2015 ലെ ഇ9/30000/14 നമ്പർ നടപടിക്രമങ്ങൾ
2. സാമൂഹ്യനീതി ഡയറക്ടറുടെ 29/6/2016 ലെ ഇ9/10441/15 നമ്പർ നടപടിക്രമങ്ങൾ
3. സാമൂഹ്യനീതി ഡയറക്ടറുടെ 29/6/2018 ലെ ഇ9/1020/18 നമ്പർ നടപടിക്രമങ്ങൾ
4. മഞ്ചേശ്വരം ശിശു വികസന പദ്ധതി ഓഫീസറുടെ 8/9/2018 ലെ ICDS/MJR/448/2018 നമ്പർ കത്ത്
5. സ.ഉ (സാധാ) നം. 202/2019/സാനീവ തീയതി 10/04/2019

സാമൂഹ്യനീതി വകുപ്പിൽ 01/01/2013 മുതൽ 31/12/2015 സീനിയർ ക്ലാർക്ക് തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെടുന്നതിനായി ശ്രീമതി സുദർശന.റ്റി സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം ലഭ്യമായിട്ടുണ്ട്.

എസ്.സി വിഭാഗത്തിൽപ്പെട്ട ശ്രീമതി സുദർശന.റ്റി യ്ക്ക് സാമൂഹ്യനീതി ഡയറക്ടറുടെ 06/11/2015 ലെ ഇ4-6216/14 നമ്പർ നടപടിക്രമപ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിൽ താൽക്കാലിക ഉദ്യോഗക്കയറ്റം നൽകിയിരുന്നു. തുടർന്ന് ടിയാൾ 2017 ജനുവരി മാസം നടന്ന വകുപ്പുതല പരീക്ഷകൾ വിജയിച്ചതിനെ തുടർന്ന് താൽക്കാലിക ഉദ്യോഗക്കയറ്റം ക്രമീകരിച്ച് സാമൂഹ്യനീതി ഡയറക്ടറുടെ 06/11/2015 ലെ ഇ4-6216/14 നമ്പർ നടപടിക്രമപ്രകാരം ഉത്തരവായിരുന്നു. ഈ സാഹചര്യത്തിൽ ശ്രീമതി.സുദർശന.റ്റി യ്ക്ക് പരാമർശം (1) പ്രകാരമുള്ള എൽ.ഡി ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിട്ടി ലിസ്റ്റിൽ തൊട്ടു ജൂനിയറായ ശ്രീമതി നീന. എ യ്ക്ക് മുൻപായി സീനിയർ ക്ലാർക്ക് തസ്തികയിൽ അസൈൻമെന്റ് ലഭിക്കുവാൻ അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീമതി.സുദർശന.റ്റി, സീനിയർ ക്ലാർക്കിന് പരാമർശം (2) ലെ ഗ്രഡേഷൻ ലിസ്റ്റിൽ ക്രമ.നം. 18 ആയ ശ്രീ.സിബി പൗലോസിനും ക്രമ നം.19 ശ്രീമതി നീന.എ യ്ക്കും ഇടയിലായി ക്രമ നം. 18(എ) ആയി ചുവടെ ചേർക്കും പ്രകാരം ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl No | Name | Date of Birth | Qualification | | Date of Declaration of probation | Date of Assignment | Remarks |
|---|---|---|---|---|---|---|---|
| | | | Educational | Departmental | | | |
| 18 A | Sudharsana.T (SC) | 20/4/1973 | BA, BEd | MOP 01/2012 A/C Test 01/2017 | 18/3/2013 | 5/5/2013 | |

ജീവനക്കാരിയ്ക്ക് 19/10/2007 ലെ G.O(P) 515/2007/Fin പ്രകാരം അനുവദനീയമായ സാമ്പത്തിക ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

പരാമർശം (2) ലെ ഉത്തരവ് മേൽ ഭേദഗതിയോടു കൂടി നിലനിൽക്കുന്നതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ശ്രീമതി.സുദർശന.റ്റി, സീനിയർ ക്ലാർക്ക്
ഐസിഡിഎസ് കരുനാഗപ്പള്ളി (കാര്യാലയമേധാവി മുഖേന)

പകർപ്പ്

1. ശിശുവികസന പദ്ധതി ഓഫീസർ, മഞ്ചേശ്വരം/ കരുനാഗപ്പള്ളി
2. സൂപ്രണ്ട്, ഐറ്റി സെക്ഷൻ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. ഇ2 സീറ്റ്
4. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്